LIBRARY ARCHIVES Kerala Legislative Assembly

കർഷക കടാശ്വാസ കമ്മീഷൻ

179 (1554) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സാമ്പത്തിക പ്രതിസന്ധി മൂലവും കടക്കെണിയിൽപ്പെട്ടും നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നാളിതുവരെ എത്ര തുക ധനസഹായമായി ചെലവഴിച്ചു; കർഷകരുടെ എത്ര ബാങ്ക് ലോണുകൾ എഴുതിത്തള്ളാൻ നിർദ്ദേശം നൽകി; വിശദാംശം വ്യക്തമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം എന്തെല്ലാം സഹായങ്ങൾ നാളിതുവരെ ലഭ്യമാക്കി; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി; ആയതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കുകയുണ്ടായി; ആയതു പ്രകാരം എത്ര തുക കമ്മീഷൻ ശിപാർശ ചെയ്തു; ഇതിൽ എത്ര തുക നാളിതു വരെ നൽകി; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധിമൂലവും കടക്കെണിയിൽപ്പെട്ടും നാളിതുവരെ 58 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ആത്മഹത്യ ചെയ്ത 31 കർഷകരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും 5 കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത കർഷകരുടെ ബാങ്ക് ലോണുകൾ എഴുതിത്തള്ളാൻ നിർദ്ദേശം നൽകിയിട്ടില്ല.

(സി) 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്ന 18-1-2007-നോ അതിനുമുമ്പോ കർഷകരിൽനിന്ന് ലഭിക്കേണ്ട ബാധ്യത

കൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കർഷക ആത്മഹത്യ അധികമായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011-വരെയുള്ള കടങ്ങളും കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-10-2015 വരെ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കടക്കെണിയിലകപ്പെട്ട എല്ലാ കർഷകർക്കും കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 31-5-2009-നകം ലഭിച്ചിരുന്ന 411782 അപേക്ഷകളിൽ 214009 എണ്ണം ഇക്കാലയളവിൽ തീർപ്പാക്കുകയും അവയിൽ 90,42,51,594 രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് ലഭിച്ച 21750 അപേക്ഷകളിൽ 12558 എണ്ണം തീർപ്പാക്കുകയും അവയിൽ 11,15,03,077 രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി 31-10-2015-വരെ ദീർഘിപ്പിച്ച തനുസരിച്ച് 43666 അപേക്ഷകൾ കൂടി നിലവിൽ ലഭിച്ചിട്ടുണ്ട്.

കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കർഷക പെൻഷൻ വിതരണം

180 (1555) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ എത്രപേർക്ക് വിതരണം ചെയ്യുന്നുണ്ടെന്നും, പെൻഷന് വേണ്ടി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്പോഴും പരിഗണിക്കാത്ത എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly